# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**Vol. LI - JK 20** | **2018 August 28** | **No. 8**

## PASTORAL LETTER
## 2018 ആഗസ്റ്റിലെ മഹാപ്രളയ ദുരന്തം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

തികച്ചും ആകസ്മികമായി നമ്മെ ദുരിതത്തിലാഴ്ത്തിയ ഈ നൂറ്റാണ്ടിലെ മഹാപ്രളയത്തിന്റെ ആഘാതത്തിലാണല്ലോ നമ്മൾ. വീടും സ്വന്തമായവയെല്ലാം നഷ്ടപ്പെട്ട് ജീവനുവേണ്ടി പലായനം ചെയ്യേണ്ടിവന്ന ഒരു ജനത! ഇനിയെന്ത്? എന്ന ചോദ്യവുമായി എല്ലാവരും തളർന്നിരിക്കുന്ന അവസ്ഥ! നമ്മുടെ പള്ളികളിലും പാരീഷ്ഹാളുകളിലും കോളേജുകളിലും സ്ക്കൂളുകളിലും കോൺവെന്റുകളിലും സ്ഥാപനങ്ങളിലും വീടുകളിലുമൊക്കെയായി നൂറ്റിപ്പത്തോളം ദുരിതാശ്വാസ ക്യാമ്പുകൾ നാം നടത്തി. ഏതാണ്ട് ഇരുന്നൂറ്റി പന്ത്രണ്ടോളം ക്യാമ്പുകളിൽ സഹായം എത്തിക്കാൻ നമുക്കു കഴിഞ്ഞു. ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്ന യേശുവിന്റെ വചനം അന്വർത്ഥമാക്കിക്കൊണ്ട് എല്ലാവരും പ്രവർത്തിച്ചു. അതിഭീകരമായ ഈ ദുരന്തം എല്ലാവരെയും തീർത്തും നിസഹായരാക്കിയപ്പോൾ നമ്മുടെ വൈദികരും സന്ന്യസ്തരും അല്മായരും യുവജനങ്ങളും സെമിനാരിവിദ്യാർത്ഥികളും സംഘടനകളും സന്നദ്ധപ്രവർത്തകരും ജനപ്രതിനിധികളും നാനാജാതിമതസ്ഥരായ സുമനസുകളായ അനേകം സഹോദരങ്ങളും

തക്കസമയത്ത് എല്ലാവരുടെയും സുരക്ഷക്കും സംരക്ഷണത്തിനും വേണ്ടി ആഹോരാത്രം അദ്ധ്വാനിച്ചു. സർക്കാർ സംവിധാനങ്ങളും നമുക്ക് തുണയേകി. മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന സഹോദരങ്ങൾ അവിശ്രമം ജീവൻ പണയംവച്ചും രക്ഷാപ്രവർത്തനങ്ങൾ നടത്തി. അന്യഭാഷക്കാരും സഹായത്തിനെത്തി. നമ്മുടെ ദുരിതാശ്വാസ പ്രവർത്തനങ്ങളെല്ലാം എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി (ESSS) ഏകോപിപ്പിച്ചു. നമ്മുടെ പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെന്റും അവരെ സഹായിച്ചു. കൂടാതെ എറണാകുളം ലൂർദ് ആശുപ്രതിയുടെ ഏകോപനത്തിൽ മരട് പി.എസ്. മിഷൻ, മഞ്ഞുമ്മൽ സെന്റ് ജോസഫ്, പെരുമ്പിള്ളി ക്രിസ്തുജയന്തി തുടങ്ങിയ ആശുപത്രികളും എല്ലായിടത്തും ആവശ്യമായ വൈദ്യസഹായം നൽകിക്കൊണ്ടിരിക്കുന്നു. എല്ലാവരെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. സ്നേഹപൂർവ്വം എല്ലാവർക്കും നന്ദി പറയുന്നു.

പ്രളയബാധിതപ്രദേശങ്ങളിൽ ശുചീകരണപ്രവർത്തനങ്ങൾക്കായി നിരവധി ഇടവകകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വിവിധ പ്രദേശങ്ങളിൽ നിന്നുമുള്ള നൂറുകണക്കിന് സന്നദ്ധപ്രവർത്തകർ മുന്നോട്ടുവന്നു എന്നുള്ളതിൽ എനിക്ക് സന്തോഷമുണ്ട്. പ്രളയദുരന്തത്തിൽ അകപ്പെട്ടവരുടെ മാനസികാരോഗ്യപരിപാലനത്തിനും കൗൺസിലിംഗിനുമായി ബഹു. സിസ്റ്റേഴ്സിന്റെയും വിദഗ്ദരുടെയും നേതൃത്വത്തിൽ ഒരു ടീം പ്രവർത്തന സജ്ജമായിട്ടുണ്ട് എന്നതും അഭിനന്ദനീയമാണ്. എല്ലാവർക്കുംവേണ്ടി ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

നിരവധി വെല്ലുവിളികളും പ്രതിസന്ധികളും നേരിട്ടുകൊണ്ടാണ് നിങ്ങളിൽ പലരും ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തിയത്. ഒരു പക്ഷേ, ഏതെങ്കിലും തരത്തിലുള്ള തിക്താനുഭവങ്ങളും നേരിടേണ്ടി വന്നിട്ടുണ്ടാവാം. എന്നാൽ എല്ലാവരുംതന്നെ ഒറ്റക്കെട്ടായി എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് ആത്മാർത്ഥമായി പ്രവർത്തിച്ചു. സഹായങ്ങൾ നൽകി. കൂട്ടായ പ്രവർത്തനങ്ങളിലൂടെയും പങ്കുവയ്ക്കലിലൂടെയും നന്മയുടെ മാതൃക നല്കി.

കഴിഞ്ഞുപോയ ദിവസങ്ങളിൽ വിവിധ ദുരിതാശ്വാസക്യാമ്പുകൾ സന്ദർശിച്ചപ്പോൾ ഹൃദയഭേദകമായ കാഴ്ചകളാണ് ഞാൻ കണ്ടത് – കരളലിയിക്കുന്ന, കണ്ണുനനയിക്കുന്ന വാക്കുകളാണ് ഞാൻ കേട്ടത്!

വീടുകൾ നഷ്ടപ്പെട്ടവരുടെയും ജീവനോപാധികൾ നഷ്ടമായവരുടെയും ഇതുവരെ സ്വരുക്കൂട്ടിയതെല്ലാം ഒലിച്ചുപോയവരുടെയും വേദനയിൽ ഉയരുന്ന തേങ്ങലുകൾ. മതവിശ്വാസങ്ങളുടെ അതിർവരമ്പുകളില്ലാതെ ഉള്ളതു പങ്കുവച്ച് എല്ലാവരും ക്യാമ്പുകളിൽ ഒന്നിച്ചു കഴിഞ്ഞു.

ഇനി അതിജീവനത്തിന്റെ നാളുകളാണ്. ശരിയായ പുനരധിവാസവും പുനർനിർമ്മാണവും നടക്കണം. ദുരന്തമുഖത്തേക്ക് തിരികെ ചെല്ലുന്നവർക്ക് ഭാവിയെക്കുറിച്ചുള്ള ആശങ്കകളാണ്. മാനസികമായി തളർന്നുപോകുന്ന അവസ്ഥ. അതിനാൽ ദുരന്തബാധിത പ്രദേശങ്ങളിലെ ജീവിതം പൂർവ്വസ്ഥിതിയിലാകണമെങ്കിൽ നാം വീണ്ടും കൈകൾ കോർത്ത് പ്രവർത്തിക്കേണ്ടതുണ്ട്. നമ്മളാൽ സാധിക്കുന്ന രീതിയിൽ ഈ പുനർനിർമ്മാണത്തിൽ പങ്കാളികളാകേണ്ടതുണ്ട്. സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഏകോപനത്തിൽ നമുക്ക് തുടർപ്രവർത്തനങ്ങൾ നടത്താം. ഈ പശ്ചാത്തലത്തിൽ നമ്മുടെ പള്ളികളിലെ തിരുനാളുകളും ജൂബിലിപോലുള്ള ആഘോഷങ്ങളും ഇനി മുതൽ തീർത്തും ലളിതമായി നടത്തണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. ആഘോഷങ്ങളും ആർഭാടങ്ങളും പൂർണ്ണമായും ഒഴിവാക്കണം. കൂടാതെ, ജ്ഞാനസ്നാനം, ആദ്യകുർബാന സ്വീകരണം, മനസ്സമ്മതം, വിവാഹം, തിരുപ്പട്ടസ്വീകരണം, പ്രഥമദിവ്യബലിയർപ്പണം, സന്ന്യാസവ്രതവാഗ്ദാനം മുതലായവ തികച്ചും ലളിതമായി നടത്താൻ എല്ലാവരും പരിശ്രമിക്കണം. അങ്ങനെയെല്ലാം സ്വരൂപിക്കുന്ന തുക പ്രളയബാധിത പ്രദേശങ്ങളുടെ പുനർനിർമ്മാണത്തിനും കാരുണ്യപ്രവർത്തികൾക്കുമായി മാറ്റിവയ്ക്കണം. നമ്മുടെ വൈദികർ തങ്ങളുടെ ഒരു മാസത്തെ അലവൻസ് ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി നൽകാൻ തീരുമാനിച്ചത് ഈ അവസരത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു.

ഞാൻ നേരത്തേ നിങ്ങളെ അറിയിച്ചിരുന്നതുപോലെ സെപ്തംബർ 9-ാം തീയതി ഞായറാഴ്ചയാണല്ലൊ ഈ വർഷത്തെ വല്ലാർപാടം തീർത്ഥാടനം. പ്രളയദുരിതത്തിന്റെ പശ്ചാത്തലത്തിൽ തീർത്ഥാടന കാര്യക്രമത്തിൽ താഴെ പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അന്നേ ദിനം രണ്ടുഭാഗത്തുനിന്നുമുള്ള കാൽനട ജപമാലയാത്ര ഉണ്ടായിരിക്കുന്നതല്ല. എന്നാൽ വൈകിട്ട് 4.30 ന് വല്ലാർപാടം ബസിലിക്ക പള്ളിയിൽ തീർത്ഥാടനത്തോടനുബന്ധിച്ചുള്ള സമൂഹദിവ്യബലി ഉണ്ടായി

രിക്കും. തുടർന്ന് അടിമസമർപ്പണവും നടക്കും. ഇതിൽ സംബന്ധി ക്കുന്നതിനായി സാധിക്കുന്ന എല്ലാവർക്കും വല്ലാർപാടം ബസിലിക്ക യിൽ നേരിട്ട് എത്തിച്ചേരാവുന്നതാണ്. അതിന് സഹായകമായ രീതി യിൽ ഇടവകകളിൽ ഉച്ചകഴിഞ്ഞുള്ള തിരുക്കർമ്മങ്ങളും മറ്റു പരിപാടികളും ഒഴിവാക്കുന്നത് ഉചിതമായിരിക്കും. നേരത്തെ നിശ്ച യിച്ചിരുന്ന വല്ലാർപാടം മരിയൻ കൺവെൻഷനും ഉണ്ടായിരിക്കുന്ന തല്ല എന്നും അറിയിക്കുന്നു. ആഘോഷമായ പന്തലും മറ്റു സജ്ജീക രണങ്ങളും നാം ഒരുക്കുന്നില്ല. ഇതിനുവേണ്ടിയെല്ലാം ചിലവാക്കേ ണ്ടിയിരുന്ന തുക നാം ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി വിനി യോഗിക്കുന്നതാണ്.

നമ്മൾ എല്ലാവരും അന്യോന്യം കൈത്താങ്ങാകണം. കരുണ യുടെ മുഖമുള്ള ദൈവം ഈ മഹാപ്രളയത്തിന്റെ കെടുതികൾ അനു ഭവിക്കുന്ന എല്ലാ കുടുംബങ്ങളെയും പൂർവ്വസ്ഥിതി കൈവരിക്കാൻ നിശ്ചയമായും അനുഗ്രഹിക്കും. അതിനായി നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം, അലിവോടെ പ്രവർത്തിക്കാം.

ആഗതമാകുന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിന്റെ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട് എനിക്ക് നിങ്ങളോ ടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്ര ന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്നും 2018 ആഗസ്റ്റ് 28-ാം തീയതി,

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: **ഈ ഇടയലേഖനം 2018 സെപ്തംബർ 2-ാം തീയതി ഞായ റാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.**

## NOTIFICATION - 13

# Appointments

1. **Rev. Fr. Martin Azhikkakath**
   Director, Department of Social Service
   Providence Road, Cochin - 682 018.
   **& Director, Family Welfare Centre**

2. **Rev. Fr. Augustine Baiju Kuttickal**
   Priest in Charge , St. Patrick's Church
   Vyttila, Kochi - 682019
   &
   **Director, Anti-Alcoholic Activities**

3. **Rev. Fr. Raphael Kalluveettil**
   Assistant Director, Department of Social Service
   & Assistant Director, KLM

4. **Rev. Fr. Jenson Livera Ithithara**
   Priest in Charge, St. George's Church
   Manamthadam, Puthencruz - 682308
   &
   Chief Editor, Jeeva Deepthi

28 August 2018 **Chancellor**
Ernakulam

## സർക്കുലർ - 25

# പള്ളിക്കൊപ്പം പള്ളിക്കൂടം ഇടയലേഖന കർത്താവ് ആർച്ചുബിഷപ് ബെർണഡീൻ ബച്ചിനെല്ലിയുടെ 150-ാം ചരമ വാർഷികം

### കെ. ആർ. എൽ. സി. ബി. സി ഹെരിറ്റേജ് കമ്മീഷൻ

വന്ദ്യ വൈദികരേ, ബഹു. സന്ന്യസ്തരേ, യേശുവിൽ പ്രിയ മക്കളേ,

നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോസ് 16:15) എന്ന ഗുരുവചനം ആത്മാവിലേറ്റുവാങ്ങി ദേശാന്തരങ്ങൾ പിന്നിട്ടും കടലുകൾ താണ്ടിയും നമ്മുടെ കേരളക്കരയിലെത്തിയ വിദേശീയരായ നിരവധി പ്രേഷിതവര്യന്മാരുണ്ട്. അവരിൽ ഏറ്റം സ്മരണീയനാണ് മഹാമിഷണറി എന്നു ശ്രുതിപ്പെട്ട ആർച്ചുബിഷപ് ഡോ. ബെർണഡീൻ ബച്ചിനെല്ലി. 1807 മാർച്ച് 15-ന് റോമിലെ ബച്ചിനെല്ലി കുടുംബത്തിൽ പിറന്ന അദ്ദേഹം കേരളത്തിലെ പ്രേഷിതയത്നങ്ങൾക്കിടയിൽ വരാപ്പുഴയിൽ വച്ച്, 1868 സെപ്തംബർ 5-ാം തീയതി 61-ാം വയസ്സിൽ ദിവംഗതനായി. ബഹുമുഖപ്രതിഭനായ ബച്ചിനെല്ലി പിതാവിന്റെ 150-ാം ചരമവാർഷികമാണ് 2018 സെപ്തംബർ 5-ന് നാം ആചരിക്കുന്നത്.

16-ാം വയസ്സിൽ അദ്ദേഹം കർമലീത്താസഭയുടെ റോമാ പ്രോവിൻസിൽ അംഗമായി ചേർന്നു. പ്രഥമവ്രതവാഗ്ദാനനാളിലാണ് ജോസഫ് എന്ന ജ്ഞാനസ്നാനപ്പേരുമാറ്റി ബെർണഡീൻ ഓഫ് സെന്റ് തെരേസ എന്ന സന്ന്യാസിനാമം സ്വീകരിച്ചത്. 1830 ഡിസംബറിൽ പൗരോഹിത്യമേറ്റ അദ്ദേഹം, മിഷൻ പ്രവൃത്തിക്കുള്ള അദമ്യമായ ആഗ്രഹം മുൻനിർത്തി, അധികാരികളുടെ ആശീർവാദത്തോടെ 1833-ൽ കേരളത്തിലേക്കു കപ്പൽ കയറി. വരാപ്പുഴയിൽ വച്ച് മലയാളഭാഷയിൽ പരിജ്ഞാനം നേടിയ അദ്ദേഹം തുടർന്ന് ആ ഇടവകയിൽ വികാരിയായി നിയമിക്കപ്പെട്ടു. പിന്നീട് അവിടെയുണ്ടായിരുന്ന സെമിനാരിയിൽ റെക്ടറായും സേവനം ചെയ്തു. അതിനിടയിൽ കൂനമ്മാവ് സെന്റ് ഫിലോമിനാ പള്ളി പണികഴിപ്പിക്കാനും നേതൃത്വം നല്കി. കൊല്ലം അപ്പസ്തോലിക് വികാരിയാത്ത് സ്ഥാപിക്കപ്പെട്ടപ്പോൾ 1845 മെയ്

15-ന് അവിടെ പ്രോ-വികാർ അപ്പസ്തോലിക് ആയി. 1847 ജനുവരി 26-ാം തീയതി, ഹെരാക്ലിയയുടെ സ്ഥാനികമെത്രാനും വരാപ്പുഴ വികാരിയാത്തിന്റെ പിന്തുടർച്ചാവകാശമുള്ള കോ-അഡ്ജുത്തോർ മെത്രാനുമായി ആർച്ചുബിഷപ് ലുഡ്വിക് മർത്തീനിയുടെ കൈവയ്പുശുശ്രൂഷവഴി മെത്രാഭിഷേകം ചെയ്യപ്പെട്ടു. 1859 ജനുവരിയിൽ വരാപ്പുഴയുടെ സമ്പൂർണചുമതല കൈയേറ്റു.

ഒരു ആത്മീയാചാര്യൻ എന്ന നിലയിൽ ബച്ചിനെല്ലി പിതാവു പൂർത്തിയാക്കിയ ആധ്യാത്മികനവോത്ഥാനസംരംഭങ്ങളെക്കുറിച്ചാണ് ആദ്യം സ്മരിക്കേണ്ടത് 16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസ് പദ്രെവാദോ കാലഘട്ടത്തിൽ തുടക്കം കുറിച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സാർവത്രിക സ്വഭാവത്തോടെ മുന്നോട്ടുകൊണ്ടുപോയത് കർമലീത്ത മിഷണറിമാരാണ്. ഇവരുടെ ഇടയിൽ ഏറ്റവും നിർണായകമായ നടപടിയെടുത്തത് ബച്ചിനെല്ലി മെത്രാപ്പോലീത്തയാണ്. അദ്ദേഹം ചുമതലയേല്ക്കുമ്പോൾ, കേരളത്തിലെ സഭയിൽ ആത്മീയ വളർച്ച ലക്ഷ്യം വച്ച് വളരെയേറെ കാര്യങ്ങൾ ചെയ്യാനുണ്ടായിരുന്നു. അവിദഗ്ദവും അശാസ്ത്രീയവുമായ മല്പാനേറ്റ് സമ്പ്രദായം നിർത്തലാക്കപ്പെട്ടശേഷം സെമിനാരികളിൽ ട്രെന്റ് സൂനഹദോസും തുടർന്ന് ഉദയംപേരൂർ സൂനഹദോസും വിഭാവനം ചെയ്ത, തികച്ചും നവീകൃതമായ പാഠ്യക്രമം ബച്ചിനെല്ലി പിതാവ് വരാപ്പുഴ വികാരിയാത്തിൽ നടപ്പിലാക്കി. വരാപ്പുഴ സെമിനാരി പുത്തൻപള്ളിയിലേക്ക് മാറ്റി സ്ഥാപിക്കുക വഴി ബച്ചിനെല്ലി മെത്രാപ്പോലീത്ത വൈദികപരിശീലനം വിപുലപ്പെടുത്തുകയും കാര്യക്ഷമമാക്കുകയും ചെയ്തു. കേരളത്തിലാദ്യമായി സന്ന്യസ്തസഭകൾ ആരംഭിച്ചത് അദ്ദേഹമാണ്. പുരുഷന്മാരുടെ സന്ന്യാസിസഭയ്ക്ക് നിയതമായ രൂപഭാവങ്ങൾ അദ്ദേഹം സമ്മാനിച്ചു. വനിതകൾക്കായി പ്രഥമസന്ന്യാസിനീസമൂഹം ടി.ഒ.സി.ഡിക്ക് മാർഗദർശനം നല്കിയത് അദ്ദേഹമാണ്. ഇന്നത്തെ സി.റ്റി.സി, സി.എം.സി സഭകളുടെ പ്രാഗ്രൂപമായിരുന്ന ടി.ഒ.സി.ഡിയുടെ സർവസ്വവുമായിരുന്നു ബച്ചിനെല്ലി പിതാവ്. പുരുഷന്മാർക്കായി മഞ്ഞുമ്മൽ ആശ്രമത്തിനു ശിലാസ്ഥാപനം നടത്തിയതും ബച്ചിനെല്ലി പിതാവുതന്നെ.

19-ാം നൂറ്റാണ്ടിൽ കേരളസഭയെ പിടിച്ചുലച്ച റോക്കോസ് ശീശ്മ അടിച്ചമർത്താൻ അദ്ദേഹം കഠിനാധ്വാനം ചെയ്തു. അത്തരം ശീശ്മകൾ മേലിൽ ഉണ്ടാകാതിരിക്കാൻ കത്തോലിക്കാസഭയുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ സുസ്ഥാപിതമാക്കാൻ പല പദ്ധതികളും നട

പ്പാക്കി. വരാപ്പുഴ വികാരിയാത്തിൽ ആധ്യാത്മികഭരണവികേന്ദ്രീകരണം നടപ്പാക്കി വിവിധയൂണിറ്റുകളായി വിഭജിച്ചതും അദ്ദേഹമാണ്. ഇട വക സന്ദർശനം നിർബന്ധമാക്കി. വൈദികർക്ക് ഏകാന്തധ്യാനം നട പ്പാക്കി. ഞായറാഴ്ചകളിലും കടപ്പെട്ട തിരുനാളുകളിലും സുവിശേഷ വായനയ്ക്കുശേഷം അതിന്റെ വ്യാഖ്യാനം നല്കുന്നപ്രസംഗം നിർബ ന്ധമാക്കി. കുട്ടികൾക്ക് ഇടവകകളിൽ മതപഠനക്ലാസ്സുകൾ ആരംഭിക്കു ന്നത് ബച്ചിനെല്ലി പിതാവാണ്. അതിന് വിജ്ഞരും പക്വമതികളുമായ അധ്യാപകരെ നിയമിച്ചതും കുട്ടികൾക്ക് ഹാജർ രജിസ്റ്റർ നിഷ്കർഷി ച്ചതും അദ്ദേഹമാണ്.

വിവാഹത്തിന്റെ കൗദാശികമായ പ്രാധാന്യം അർഥികൾ മന സ്സിലാക്കിയിരിക്കണമെന്ന് ബച്ചിനെല്ലി പിതാവ് ആഗ്രഹിച്ചിരുന്നു. വിവാ ഹത്തിനു മുമ്പുള്ള മതപഠനപരിശോധന നിർബന്ധമാക്കി. ശിശുക്കളെ ജ്ഞാനസ്നാനപ്പെടുത്തുന്നതിന് അടിയന്തരഘട്ടങ്ങളിൽ വീട്ടുമാമ്മോ ദീസാ അദ്ദേഹമാണ് ഏർപ്പാടാക്കിയത്. പള്ളികളിൽ ജ്ഞാനസ്നാന ത്തൊട്ടി, പ്രത്യേകരജിസ്റ്റർ എന്നിവ വേണമെന്ന് അദ്ദേഹം ആവശ്യ പ്പെട്ടു. കുട്ടികൾക്ക് തിരിച്ചറിവാകുന്ന ഘട്ടത്തിൽ കുമ്പസാരവും ദിവ്യ കാരുണ്യസ്വീകരണവും ബച്ചിനെല്ലി പിതാവു വ്യവസ്ഥ ചെയ്തു. ഇട യ്ക്കിടെയുള്ള കുമ്പസാരം അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു.

നാല്പതുമണി ആരാധന കേരളത്തിൽ നടപ്പാക്കിയത് ബച്ചി നെല്ലി പിതാവാണ്. ദിവ്യകാരുണ്യഭക്തി അദ്ദേഹം സവിശേഷമാം വിധം പ്രോത്സാഹിപ്പിച്ചിരുന്നു. ധനശേഖരണാർഥം പിടിയരി സമ്പ്ര ദായം അവതരിപ്പിച്ചത് അദ്ദേഹമാണ്. വിധവയുടെ ചില്ലിക്കാശിന് ദൈവ തിരുമുമ്പിൽ അമൂല്യമായ സ്ഥാനമുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചിരു ന്നു. ഭക്തിജ്ഞാനസംവർധകമായ വണക്കമാസപാരായണം അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. ചുരുക്കത്തിൽ, കേരളകത്തോലിക്കരുടെ ആധ്യാത്മികതാ രൂപവത്കരണത്തിലും ധാർമികബോധസ്വരൂപണ ത്തിലും ബെർണഡീൻ ബച്ചിനെല്ലിയുടെ സംഭാവനകൾ നിസ്തുല ങ്ങളത്രേ.

എന്നാൽ, പൊതുസമൂഹത്തിന്റെ മുമ്പിൽ ബച്ചിനെല്ലിപിതാവിനെ അനശ്വരനും അവിസ്മരണീയനുമാക്കിത്തീർക്കുന്നത് സാർവത്രിക വി ദ്യാദാനമേഖലകളിൽ അദ്ദേഹം നല്കിയ നിസ്തുലസേവനങ്ങളാണ്. വിദ്യാദാനപ്രേഷിതമേഖലയിൽ അദ്ദേഹം അവതരിപ്പിച്ച ദീർഘവീ

ക്ഷണവും കർമകുശലതയും വാഴ്ത്തപ്പെടേണ്ടവതന്നെ. അന്നത്തെ പ്രത്യേക പരിതോവസ്ഥകളിൽ, വിദ്യാഭ്യാസമെന്നത് വരേണ്യവർഗ ത്തിന് സംവരണം ചെയ്യപ്പെട്ടതുപോലെയായിരുന്നു. എന്നാൽ വിദ്യാ ഭ്യാസം സർവജനപ്രാപ്തമാക്കാൻ ബച്ചിനെല്ലിപിതാവ് വ്രതബദ്ധനെ പ്പോലെ വ്യാപരിച്ചു. ഇന്ന് നമ്മുടെനാട് നൂറുശതമാനവും സാക്ഷ രത കൈവരിച്ചു എന്ന് അഭിമാനിക്കുന്നുണ്ടെങ്കിൽ, അതിനു കാരണ ക്കാരനായത് ബച്ചിനെല്ലി പിതാവാണ് എന്ന് നിസ്സംശയം പറയാം. കേരളത്തിൽ സാർവത്രികവിദ്യാഭ്യാസവിപ്ലവത്തിനു നാന്ദികുറിച്ചത്, പള്ളിക്കൊപ്പം പള്ളിക്കൂടം എന്നു പ്രഖ്യാപിച്ചുകൊണ്ട് 1864-ൽ അദ്ദേഹം പുറപ്പെടുവിച്ച ഇടയലേഖനത്തോടെയാണ്. വരാപ്പുഴ ഇട വകയിലെ പ്രേഷിതശുശ്രൂഷയ്ക്കിടയിൽ 1836-ൽ കൂനമ്മാവിലെത്തി യപ്പോൾ, കുടിപ്പള്ളിക്കൂടം കെട്ടി വിദ്യാർഥികൾക്ക് അക്ഷരവെളിച്ചം നല്കിക്കൊണ്ടിരുന്ന തണ്ണിക്കോട്ട് വറീത് സാൾവദോർ എന്ന ആശാ നെ കണ്ടുമുട്ടി. ആ നിസ്വാർഥസേവനം മാനിച്ച് അദ്ദേഹത്തിന് 16 പുത്തൻ ശമ്പളം നല്കി പ്രോത്സാഹിപ്പിച്ചതിൽ നിന്നാണ് ഇന്നത്തെ വരാപ്പുഴ അതിരൂപതയിലെ പ്രഥമകത്തോലിക്കാപാഠശാലയുടെ പിറവി. പള്ളിക്കൊപ്പം പള്ളിക്കൂടം നിർബന്ധമാക്കിക്കൊണ്ട് ബച്ചി നെല്ലിപിതാവ് പുറപ്പെടുവിച്ച ഇടയലേഖനത്തിലെ ആശയങ്ങളെ എടുത്തു പുകഴ്ത്തിക്കൊണ്ട്, പിൻഗാമിയായ ആർച്ചുബിഷപ് മെല്ലാനോ ഇറക്കിയ 1872 തുലാം 17-ലെ ഇടയലേഖനത്തിൽ ഇങ്ങനെ പറയുന്നു: ഈ ന്യായങ്ങൾ മുഖാന്തരമായിട്ടത്രേ, നമ്മുടെ വന്ദിക്ക പ്പെട്ട മുൻഗാമി ഇടവകകളിലെന്നല്ല, എല്ലാ കരകളിലും സ്കൂളുകൾ സ്ഥാപിച്ചത്. ആർച്ചുബിഷപ് ബെർണഡീൻ ബച്ചിനെല്ലി പുറപ്പെടു വിച്ച പള്ളിക്കൊപ്പം പള്ളിക്കൂടം എന്ന ഇടയലേഖനത്തിന്റെ ആധി കാരികതയ്ക്ക്, പിൻഗാമിയായ മെല്ലാനോ പിതാവിന്റെ ഈ അനുബ ന്ധപ്രബോധം മതിയായ തെളിവാണല്ലോ. ജനസാമാന്യത്തിന്റെ വിദ്യാ ഭ്യാസനിലവാരമാണ്, പരിഷ്കൃതിയുടെയും സംസ്കൃതിയുടെയും മാന ദണ്ഡങ്ങളിൽ മുഖ്യം. ഈ രംഗങ്ങളിൽ കേരളം കൈവരിച്ച സകല പുരോഗതിയുടെയും ബഹുമതി വിദ്യാദാനപ്രേഷിതനായ മഹാമിഷ ണറി ബെർണഡീൻ ബച്ചിനെല്ലി പിതാവിൽ ചെന്നുചേരുമെന്നും തീർച്ച.

കേരളസാംസ്കാരികനവോത്ഥാനത്തിന്റെ വിദഗ്ധശില്പിയെന്ന അഭിധാനം എന്തുകൊണ്ടുനോക്കിയാലും ബച്ചിനെല്ലി പിതാവിനാണ്.

ജാതിയും മതവും നോക്കാതെ അത്യുദാത്തവും അത്യുദാരവുമായ ഒരു വീക്ഷണത്തോടെ അദ്ദേഹം വിദ്യാദാനശുശ്രൂഷയെ നോക്കിക്കണ്ടു. അതിന്റെ ശാന്തപ്രശാന്തമായ സ്വച്ഛതീരങ്ങളിലും ശാദ്വലമായ തണലിടങ്ങളിലും അഭിരമിക്കുന്ന കേരളസമൂഹം, മഹാനുഭാവനായ ആ വിദ്യാഭ്യാസപ്രേഷിതനെ കൃതജ്ഞതാപൂർവം അനുസ്മരിക്കേണ്ടതാണ്. ബച്ചിനെല്ലിപിതാവിന്റെ 150-ാം ചരമവാർഷികമാചരിക്കുമ്പോൾ ആ ധന്യസ്മൃതികൾ മനസ്സുകളിൽ പുതുമഴപ്പെയ്ത്തുപോലെ കുളിരു പകരട്ടെ. കേരളത്തിന്റെ നവോത്ഥാനനിർമിതിക്ക് ബച്ചിനെല്ലിയൻ സംഭാവനകൾ എത്രമാത്രം ഉതകിയെന്നതിനെക്കുറിച്ചു ചർച്ച ചെയ്യാൻ, നിഷ്പക്ഷമായി വിലയിരുത്താൻ ഈ 150-ാം ചരമവാർഷികാചരണം നിമിത്തമാകട്ടെ എന്ന് ആശംസിച്ചുകൊണ്ടും പ്രാർഥിച്ചുകൊണ്ടും,

സ്നേഹത്തോടെ,

**✠ അലക്സ് വടക്കുംതല**
*ചെയർമാൻ,*
*കെ.ആർ.എൽ.സി.ബി.സി*
*ഹെറിറ്റേജ് കമ്മീഷൻ*

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21